"ഭരണഭാഷ-മാതൃഭാഷ"

14463

# ലാൻഡ് റവന്യു കമ്മീഷണറുടെ നടപടിക്രമം

(ഹാജർ : എം. സി. മോഹൻദാസ്, ഐ.എ.എസ്)

എൽ.ആർ.എ3-19274/16. തീയതി : 10.06.2016.

വിഷയം : കേരള മുദ്രപത്ര നിയമം 54(2) - തിരുവനന്തപുരം ജില്ല - മുദ്രസല സംബന്ധിച്ച ആധികാരിക ഉത്തരവ് നൽകുന്നത് - സംബന്ധിച്ച്.

പരാമർശം : 1. എറണാകുളം ജില്ലാ രജിസ്ട്രാറുടെ 21.11.2015 തീയതിയിലെ ഐ.എൻ.എസ് (2)-3243/15 നമ്പർ റിപ്പോർട്ട്.
2. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 17.5.16-ലെ-ലെ RR4-28266/15 നമ്പർ റിപ്പോർട്ട്.

എറണാകുളം ജില്ലയിലെ കല്ലേറ്റുംകര സബ് രജിസ്ട്രാർ ആഫീസിൽ രജിസ്റ്റർ ചെയ്ത 2385/2015-ാം നമ്പർ കൂട്ടവകാരശ ഒഴിമുറിയാധാരത്തിന്റെ തെറ്റ് തിരുത്താധാരമാണ്, മുദ്രവില നിർണ്ണയത്തിന് ഹാജരാക്കിയിരിക്കുന്നത്. 1,50,11,500/- രൂപ പ്രതിഫലം കൈപ്പറ്റി രജിസ്റ്റർ ചെയ്ത ടി ആധാരത്തിന്റെ തിരുത്താധരത്തിൽ കൈപ്പറ്റിയ പ്രതിഫലം 18,00,000/- രൂപ മാത്രമാണെന്നും 1,50,11,500/- രൂപ ഫെയർ വാല്യു പ്രകാരമുള്ള തുകയാണെന്നും പ്രസ്താവിച്ചിരിക്കുന്നു.

വസ്തുവിന്റെ വിലയായി കൈപ്പറ്റിയ തുകയിൽ കുറവു വരുന്നതുകൊണ്ട് പുതിയ അവകാശമാണ് ജനിക്കുന്നത് എന്നും ആയതിനാൽ ടി പിഴതിരുത്താധാരം കേരള മുദ്രപത്രനിയമം പട്ടിക 48(എ)യുടെ പരിധിയിൽ വരുന്ന കൂട്ടവകാശ ഒഴുകുറിയായി കണ്ട് 1,000/- രൂപ മുദ്ര തീർപ്പാക്കാവുന്നതാണ് എന്ന് ജില്ലാ രജിസ്ട്രാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ റിപ്പോർട്ട്, അനുബന്ധ രേഖകൾ എന്നിവ വിശദമായി പരിശോധിച്ചു. ടി ഒഴിമുറിയാധാരത്തിൽ പ്രതിഫലമായി 1,50,11,500/- രൂപ കൈപ്പറ്റിയതായി പ്രസ്താവിച്ചിരിക്കുന്നു. പ്രതിഫല സംഖ്യ കുറച്ചു കാണിച്ച് പിഴതിരുത്താധാരം രജിസ്റ്റർ ചെയ്യുന്നത് നിയമവിരുദ്ധമായി കാണുന്നു. ആദായ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാകുന്നതിനുള്ള പഴുതായി ഉപയോഗപെപടുത്താനാണോ പ്രതിഫലം തിരുത്തുന്ന നടപടി എന്നും സംശയിക്കുന്നു. ആയതിനാൽ പ്രതിഫല സംഖ്യ കുറച്ചു കാണിക്കുന്നതിനായി പിഴതിരുത്താധാരം രജിസ്റ്റർ ചെയ്യുന്നത് നിയമപ്രകാരം അനുവദനീയമല്ല എന്ന് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
**കമ്മീഷണർ**

1. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.
2. ജില്ലാ രജിസ്ട്രാർ ജനറൽ, എറണാകുളം

**ഉത്തരവിൻ പ്രകാരം,**

**സൂപ്രണ്ട്**

പുറത്തെഴുത്ത് നം.RR4-28266/15

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ആഫീസ്
തിരുവനന്തപുരം, തീയതി: 20-06-2016

ഉത്തരവിന്റെ പകർപ്പ് അറിവിനും അനന്തര നടപടികൾക്കുമായി അയയ്ക്കുന്നു.

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനുവേണ്ടി

To

എല്ലാ ഡി.ഐ.ജി./ജില്ലാ രജിസ്ട്രാർ(ജനറൽ)മാർ